**ശ്രദ്ധക്ഷണിക്കൽ**

**(1) ശുദ്ധജല സംഭരണ-വിതരണ പദ്ധതി**

ശ്രീ. കെ. മുരളീധരൻ: സർ, തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതിയിലെ സംഭരണ-വിതരണ സംവിധാനങ്ങൾ വിപുലീകരിക്കേണ്ടതിന്റെയും വികേന്ദ്രീകരിക്കേണ്ടതിന്റെയും അടിയന്തര ആവശ്യം സംബന്ധിച്ച് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ രംഗത്ത് ഭാവിയിൽ ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യമാണ് ഇന്നുള്ളത്. പത്ത് ലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്ന ഈ തലസ്ഥാന നഗരിയിൽ വെള്ളം എത്തിക്കുന്നത് പത്തിലധികം കിലോമീറ്റർ അകലെയുള്ള അരുവിക്കരയിലെ ഒരൊറ്റ ജലസംഭരണിയിൽനിന്നും ഒരേയൊരു മെയിൻ ലൈൻ മുഖേനയാണ്. ഇതിനുള്ള പൈപ്പ് ചെറുതായി പൊട്ടിയാൽ നഗരം നിശ്ചലമാകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അതിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വരൾച്ച, പ്രകൃതിക്ഷോഭം തുടങ്ങിയവമൂലം ഗുരുതരമായ പ്രതിസന്ധികളുണ്ടാകുന്ന സാഹചര്യത്തിൽ സ്ഥിതി എന്തായിരിക്കുമെന്നോർത്ത് നമ്മൾ ഭയപ്പെടുകയാണ്. അരുവിക്കരയിലെ വെള്ളം വറ്റുകയോ പൈപ്പ് ലൈനിൽ അടിയന്തര മെയിന്റനൻസ് നടത്താനാകാത്തവിധം തകർച്ച സംഭവിക്കുകയോ ചെയ്താൽ നഗരം നിശ്ചലമാകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇന്നത്തെ ഭരണാധികാരികൾ ദീർഘവീക്ഷണത്തോടെ ഈ പ്രശ്നം ചർച്ച ചെയ്തില്ലെങ്കിൽ ഇതിന്റെ

ഭവിഷ്യത്ത് ഗുരുതരമായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. തിരുവിതാംകൂർ സർക്കാർ 1933-ൽ കമ്മീഷൻ ചെയ്ത വില്ലിംഗ്ടൺ വാട്ടർ സപ്ലൈ പ്രോജക്ടാണ് തിരുവനന്തപുരം നഗരത്തിലെ ജലവിതരണ സംവിധാനത്തിൽ ഇന്നും കേന്ദ്രസ്ഥാനം വഹിക്കുന്നത്. അന്ന് ഈ പദ്ധതി സ്ഥാപിക്കുമ്പോൾ 30 വർഷത്തെ കാര്യം മുൻകൂട്ടി കണ്ടിരുന്നു.

1961-ൽ നഗരത്തിൽ 1.35 ലക്ഷം ജനസംഖ്യയുണ്ടാകുമെന്ന് കണക്കാക്കി പദ്ധതിയുടെ കപ്പാസിറ്റി 1933-ൽ നിശ്ചയിച്ചു. എന്നാൽ 80 വർഷം കഴിഞ്ഞിട്ടും നമ്മൾ ഈ പദ്ധതിയിൽ അപ്പപ്പോഴുള്ള ആവശ്യങ്ങൾക്കുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഒരു ഫലവുമില്ല. ഇന്ന് നഗരത്തിൽ 10 ലക്ഷത്തിലധികം ജനങ്ങളുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരംതന്നെ ഇവിടെ രണ്ടുലക്ഷത്തിലധികം കൺസ്യൂമർ കണക്ഷനുകളുണ്ട്. ഇവിടെ ഖചചഡഞങ്ങ പ്രകാരവും അതുപോലെ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരവും കുറെയധികം പൈപ്പ്ലൈൻ സ്ഥാപിച്ചുവെങ്കിലും അവ പൂർണ്ണമായും ഇന്റർകണക്ട് ചെയ്ത് പ്രവർത്തനക്ഷമമാക്കുവാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. തലസ്ഥാന നഗരിയിലെ ജലസംഭരണ-വിതരണ സംവിധാനം അടിയന്തരമായി വിപുലീകരിക്കുകയും വികേന്ദ്രീകരിക്കുകയും വേണം. അധിക ജലസ്രോതസ്സുകൾ കണ്ടെത്തുകയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെതന്നെ നഗരത്തിലെ വെള്ളായണി കായൽപോലുള്ള ശുദ്ധജല തടാകങ്ങൾ, നദികൾ, കുളങ്ങൾ തുടങ്ങിയ ജല

സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കണം. ഭൂഗർഭജലം കാര്യമായി പരിഗണിക്കേണ്ട മേഖലയാണിത്. ഇവിടെ മഴവെള്ള സംഭരണം വളരെ ഫല പ്രദമായിരിക്കുമെന്ന് വിദഗ്ദ്ധന്മാർ പലതവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നഗര ത്തിലെ ജലവിതരണ സംവിധാനം സോണുകളായി തിരിച്ച് ഓരോന്നും സംഭ രണ വിതരണ രംഗത്ത് സ്വയംപര്യാപ്തമാക്കണം. എങ്കിൽ മാത്രമെ ഇന്നത്തെ പ്രതിസന്ധിയിൽനിന്ന് നമുക്ക് കരകയറാൻ കഴിയുകയുള്ളൂ. അരുവിക്കരയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് 50 കോടിയിൽപ്പരം രൂപ ചെലവഴിച്ച് പുതിയ ഡയറക്ട് ലൈൻ അയൺ പൈപ്പ് സ്ഥാപിക്കുന്നത് വളരെ നല്ല കാര്യംതന്നെയാണ്. പക്ഷെ, ഇവിടെ വിവിധ വകുപ്പുകൾ തമ്മി ലുള്ള കോ-ഓർഡിനേഷൻ വേണം. ഇപ്പോൾ കോ-ഓർഡിനേഷൻ ഇല്ല. പി.ഡബ്ല്യു.ഡി. വകുപ്പും ഇറിഗേഷൻ വകുപ്പുമായുള്ള തർക്കം കാരണം അതിന്റെ പണി ഇപ്പോഴും ഇഴഞ്ഞുനീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യ ത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രി യെയും ജലസേചന വകുപ്പുമന്ത്രിയേയും തലസ്ഥാനത്തെ ജനപ്രതിനിധിക ളെയും ഒരുമിച്ചിരുത്തിക്കൊണ്ട് പരിഹാരമുണ്ടാക്കണം. അതുപോലെ ഞാൻ മൂന്ന് നിർദ്ദേശങ്ങൾ പറയുകയാണ്. നിലവിലുള്ള പദ്ധതിയുടെ പൈപ്പ് ഇടലും, ഇന്റർ കണക്ഷൻ പണികളും എത്രയും വേഗം പൂർത്തിയാക്കി ജല വിതരണം കാര്യക്ഷമമാക്കണം. അരുവിക്കര-പേപ്പാറ ഡാമുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുകയും അവിടെ പുതിയ ജലസ്രോതസ്സുകൾ കൂട്ടിച്ചേർക്കു കയും ചെയ്യണം. ഭാവിയിലെ ആവശ്യങ്ങളും പ്രതിസന്ധികളും മുൻകൂട്ടി

ക്കണ്ട് കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുകയും സംഭരണ-വിതരണ സംവിധാനങ്ങൾ വികേന്ദ്രീകരിച്ച് സ്വയം പര്യാപ്തമാക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## ശുദ്ധജല സംഭരണ വിതരണപദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല സംഭരണ-വിതരണ സംവിധാനങ്ങൾ വിപുലപ്പെടുത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1933-ൽ തുടങ്ങിയ വില്ലിംഗ്ടൺ വാട്ടർ വർക്ക്സ് പദ്ധതിക്കുപുറമെ പേപ്പാറ ഡാമിൽ നിന്നുള്ള ജലം അരുവിക്കര ഡാമിൽ എത്തിച്ച് അവിടെനിന്നും പമ്പ് ചെയ്ത് ശുദ്ധീകരിച്ച് ജലവിതരണം നടത്തിവരികയാണ്. അരുവിക്കരയിൽ നിന്നും 4 പ്രധാനപ്പെട്ട ലൈനുകളിൽക്കൂടിയാണ് തിരുവനന്തപുരം നഗരത്തിൽ വെള്ളമെത്തിക്കുന്നത്. അതിൽ 1200 എം.എം. കോൺക്രീറ്റ് പൈപ്പിലാണ് നിരന്തരം പൊട്ടൽ ഉണ്ടായിട്ടുള്ളത്. ഈ പൈപ്പ്ലൈൻ മാറ്റി പകരം എം.എസ്. പൈപ്പ് ഇടുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജൂൺ മാസം അവസാനത്തോടെ പണി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2036 വരെയുള്ള ശുദ്ധജലത്തിന്റെ ആവശ്യം കണക്കാക്കിയാണ് ജപ്പാൻ ധനസഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. തിരുവനന്തപുരം നഗരത്തിലെ വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, ശ്രീകാര്യം ഉൾപ്പെടെയുള്ള പഞ്ചായത്തുകൾക്കുകൂടി ഇതിന്റെ പ്രയോജനം ലഭിക്കുന്ന

താണ്. നിലവിലുള്ള അരുവിക്കരയിലെ 72 എം.എൽ.ഡി. ജലശുദ്ധീകരണശാല, വെള്ളയമ്പലത്തെ 36 എം.എൽ.ഡി. ജലശുദ്ധീകരണശാല എന്നിവയ്ക്കുപുറമെ അരുവിക്കരയിൽ JICA പദ്ധതിയുടെ ഭാഗമായി 74 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും പ്രവർത്തിച്ചുവരുന്നു. ഡിസൈൻ പ്രകാരം 67 എം.എൽ.ഡി. ശേഷിയുള്ള ഒരു ജലശുദ്ധീകരണശാലയുംകൂടി ഇനിയും പണിയേണ്ടതുണ്ട്. ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണവും ഖകഇഅ പദ്ധതിയും ടെണ്ടർ ചെയ്തിട്ടുണ്ട്. നമ്മുടെ മിക്ക ശുദ്ധജലവിതരണ പദ്ധതികളുടെയും പ്രധാനപ്പെട്ട പൈപ്പ്ലൈനുകൾ മുപ്പതു വർഷത്തിലേറെ കാലപ്പഴക്കമുള്ളവയാണ്. ഇവയെല്ലാം ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതാണ്. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിൽ ചുരുങ്ങിയത് 2 നദികളിൽനിന്നുള്ള ജലവിതരണ സംവിധാനം തയ്യാറാക്കുന്നു. തിരുവനന്തപുരത്തെ കരമന, വാമനപുരം, വെള്ളായണി തടാകം എന്നിവയിലെ ജലം ഉപയോഗപ്പെടുത്തി ജലവിതരണം മെച്ചപ്പെടുത്തും. കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം, കോവളം എന്നീ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കിവരുന്നു. അരുവിക്കരയിൽനിന്നും തിരുമല, നെട്ടയം, ഐരാണിമുട്ടം വഴി നെല്ലിയോട്വരെ പുതിയ ട്രാൻസ്മിഷൻ പൈപ്പ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിന് തിരുമല ഒബ്സർവേറ്ററി ലൈൻ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്. ഖകഇഅ പദ്ധതിപ്രകാരം പുന:ക്രമീകരിച്ച് മൺവിള, പൗഡിക്കോണം, പേരൂർക്കട

സെൻട്രൽ, തിരുമല, വട്ടിയൂർക്കാവ് ലോ ലൈൻ എന്നീ സോണുകളിലായി 11 പുതിയ സംഭരണികൾകൂടി പണിത് ജലവിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഖകഇഅ പദ്ധതിയുടെ 395 കിലോമീറ്റർ വിതരണ ശൃംഖലയിൽ 262 കിലോമീറ്റർ സ്ഥാപിച്ചു. ബാക്കിയുള്ളതിന്റെ കരാർ നൽകിയിട്ടുണ്ട്. JICA പദ്ധതിയിൽപ്പെടാത്ത ഡിസ്ട്രിബ്യൂഷൻ നെറ്റ്വർക്കാണ് ഖചചഡഞങ പദ്ധതിയിൽ ചെയ്യുന്നത്. ഖചചഡഞങ പദ്ധതിപ്രകാരം 10 പാക്കേജുകളിലായി 651 കിലോമീറ്റർ പി.വി.സി. ആന്റ് ജി. ഐ. പൈപ്പുകളും വിതരണശൃംഖല യും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. ഇതിൽ 452 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. 2013 ഡിസം ബർ 31-നകം JNNURM പദ്ധതിയിൽ ശേഷിക്കുന്ന പൈപ്പുകൾ സ്ഥാപി ക്കും. ഇന്റർ കണക്ഷൻ പ്രവർത്തികളും പൂർത്തിയാക്കുവാൻ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു. പേപ്പാറ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന തിന് സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ ശുപാർശയോടെ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഭാവിയിലെ ആവ ശ്യങ്ങൾ കണക്കിലെടുത്ത് കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതി നുള്ള പഠനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. നിരന്തരം പൈപ്പ് പൊട്ടുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനായി കോൺക്രീറ്റ് പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പിടുന്ന ജോലി പൂർത്തീകരിക്കാൻ സെപ്റ്റംബർ വരെ സമയം കൊടുത്തിട്ടുണ്ടെങ്കിലും ജൂൺ 30-നകം ആ പണികൾ തീരുന്നതാണ്. അതിൽ യാതൊരു അമാന്തവുമില്ല. ഞാൻ കഴിഞ്ഞ ദിവസം അവിടെ പോയി

നോക്കുകയുണ്ടായി. ആ പണി വളരെവേഗം പുരോഗമിക്കുന്നുണ്ട്. JICA പദ്ധതിയും JNNURM പദ്ധതിയും പൂർത്തിയാകുന്നതോടെ ഇൻഡ്യയിൽത്തന്നെ ഏറ്റവും നല്ല നിലവാരമുള്ള ശുദ്ധജലവിതരണ സംവിധാനമായിരിക്കും തിരുവനന്തപുരത്തിന്റേതെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഇവിടെ കഴിഞ്ഞ കുറെ ദിവസങ്ങളായി അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടലിനെക്കുറിച്ച് പല മാധ്യമങ്ങളിലും വാർത്ത വന്നിരുന്നു. എഞ്ചിനീയർമാരും കോൺട്രാക്ടർമാരുമായി ഒരു അവിശുദ്ധ കൂട്ടുകെട്ടുണ്ടെന്നും ഈ അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായിട്ടാണ് നിരന്തരം പൈപ്പുകൾ പൊട്ടുന്നതെന്നും എഞ്ചിനീയർമാർ പൈപ്പുകൾ പൊട്ടാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുവെന്നും കോൺട്രാക്ടർമാർ അടിയന്തരമായി പണിചെയ്യുന്നുവെന്നും അതുകഴിഞ്ഞ് വീണ്ടും പൊട്ടുന്നുവെന്നും വാർത്തയുണ്ടായിരുന്നു. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: സർ, 10 വർഷത്തിലധികം നിലനിൽക്കില്ല എന്നുപറഞ്ഞ കോൺക്രീറ്റ് പൈപ്പ് ഇട്ടതാണ് തെറ്റ്. 1999-ലാണ് അതിന്റെ പണികൾ തീർത്തത്. ആ കോൺക്രീറ്റ് പൈപ്പുകൾ ബലക്ഷയമുള്ളതാണെന്ന് കണ്ടതിനാൽ ഏകദേശം 44 കോടിരൂപ മുടക്കി അതിന് പകരമായി എം.എസ് പൈപ്പുകൾ ഇട്ടുകൊണ്ടിരിക്കുകയാണ്. ജൂൺ 30 ആകുമ്പോഴേയ്ക്കും അതിന്റെ പണി തീരും. പിന്നെ ഈ കോൺക്രീറ്റ് പൈപ്പിന്റെ ആവശ്യം ഉണ്ടാകില്ല.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ**

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനിയുടെ പ്രയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ വലിയൊരു വിഭാഗം ജനങ്ങൾ അനുഭവിക്കുന്ന തീരാദുരിതത്തിന്റെ ദയനീയമായ അവസ്ഥയും അതിനോട് ഭരണകൂടമെടുക്കുന്ന നിലപാടും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. 1976-ൽ തുടങ്ങി 2000 ഡിസംബറിൽ കാസർഗോഡ് മേഖലയിൽ എൻഡോസൾഫാൻ തളിക്കുന്നത് നിരോധിക്കുന്നതുവരെയുള്ള 25 വർഷങ്ങളിലും അവിടെ കീടനാശിനി പ്രയോഗിക്കുകയാണുണ്ടായത്. വർഷത്തിൽ 3 പ്രാവശ്യമാണ് ഏരിയൽ സ്പ്രേ നടത്തിയത്. അതിനെത്തുടർന്നുണ്ടായിട്ടുള്ള മാരകമായ അവസ്ഥ ഇന്ന് കേരളത്തിലും രാജ്യത്താകെയും മാത്രമല്ല ജനീവ കൺവെൻഷനിൽപ്പോലും ഏറ്റവും വലിയ ചർച്ചാവിഷയമായി എന്നത് നമുക്കാകെ അറിയാവുന്ന കാര്യമാണ്. ദുരിതമനുഭവിക്കുന്ന എൻഡോസൾഫാൻ ഇരകളുടെ പ്രശ്നങ്ങളുയർത്തിപ്പിടിച്ചുകൊണ്ട് 2013 ഫെബ്രുവരി 18 മുതൽ ആരംഭിച്ച ഒരു അനിശ്ചിതകാല നിരാഹാര സമരം ഇപ്പോഴും അവിടെ തുടരുകയാണ്, മുപ്പതാം ദിവസമാണിന്ന്. ഇന്ന് പരിസ്ഥിതി പ്രവർത്തകൻ ശ്രീ. എ. മോഹൻകുമാറിന്റെ അനിശ്ചിതകാല സമരം 16-ാം ദിവസത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഈ സമരത്തിനൊക്കെ അടിസ്ഥാനമായി ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട വിഷയം, 2010 ഡിസംബർ 31-ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് നൽകിയ ശുപാർശ പൂർണ്ണമായും നടപ്പി

ലാക്കണമെന്നുള്ളതാണ്. എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം മരണമടഞ്ഞവരുടെ ബന്ധുക്കൾക്കും മറ്റുള്ളവരുടെ സഹായമില്ലാതെ ചലിക്കാൻ കഴിയാത്തവർക്കും മാനസിക അവശതകൾ ബാധിച്ചവർക്കും 5 ലക്ഷം രൂപ വീതം നൽകണമെന്നും മറ്റ് അവശതകൾ ബാധിച്ചവർക്ക് 3 ലക്ഷം രൂപ വീതം നൽകണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കാസർഗോഡിലെ 11 പഞ്ചായത്തുകളിലുള്ളവർക്ക് എൻഡോസൾഫാൻ ബാധയേൽക്കാൻ സാധ്യതയുണ്ടെന്നും പാലക്കാട് അടക്കമുള്ള മറ്റ് പ്രദേശങ്ങളിലും എൻഡോസൾഫാൻമൂലമുണ്ടായ പ്രശ്നങ്ങളെ കണ്ടെത്താൻ സർവ്വെ നടത്തണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എൻഡോസൾഫാൻ ഇരകൾക്ക് ഇപ്പോൾ നൽകിവരുന്ന സഹായവും പുനരധിവാസ പരിപാടികളും വർദ്ധിപ്പിക്കുകയും അത് കൃത്യമായും മുഴുവനായും അവർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എൻഡോസൾഫാൻ രോഗികൾ എത്തുന്ന ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സംവിധാനമുണ്ടാക്കണമെന്നും അവിടെ വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ഏറ്റവും മികച്ച ചികിത്സയുള്ള ഒരാശുപത്രിയെങ്കിലും ഉണ്ടാകണമെന്നും നിർദ്ദേശിച്ചിരുന്നു. 11 പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നതാണ്. അവിടെ നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ പരിശോധിച്ച 20,084 പേരിൽ 4182 പേർ രോഗബാധിതരാണെന്ന് കണ്ടെത്തുകയും അവർക്കാവശ്യ

മായ മറ്റ് സംവിധാനങ്ങളൊക്കെ ചെയ്യുന്നതിനുവേണ്ടി നിർദ്ദേശിക്കുകയൊക്കെ ചെയ്തിട്ടും അതിൽ മഹാഭൂരിപക്ഷം കാര്യങ്ങളും ഇപ്പോഴും നടക്കുന്നില്ല എന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. 2454 രോഗികൾക്ക് 5 ലക്ഷം രൂപയും 1729 പേർക്ക് 3 ലക്ഷം രൂപയും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയും ആശ്വാസധനം നൽകുമെന്നും 2012 മാർച്ച് 31-ന് അതിന്റെ ആദ്യഗഡു വിതരണം പൂർത്തിയാക്കുമെന്നും സംസ്ഥാന ഗവൺമെന്റ് മനുഷ്യാവകാശ കമ്മീഷന് ഉറപ്പുനൽകിയിരുന്നതാണ്. എന്നാൽ ഇതുവരെ 1613 പേർക്ക് മാത്രമാണ് ആശ്വാസധനം നൽകിയിരിക്കുന്നത്. 4152 പേർക്ക് നൽകുന്നതിനുപകരം 1613 പേർക്ക് മാത്രമാണ് നൽകിയത്. അങ്ങനെ നൽകിയ പണം തന്നെ പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ 27 കോടി രൂപയിൽ നിന്നാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റോ നിലവിലുള്ള സംസ്ഥാന സർക്കാരോ ഇതിനായി ഒരു സാമ്പത്തിക സഹായവും നൽകിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാർ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നായിരുന്നു. ഇപ്പോൾ ആ സഹായം വർദ്ധിപ്പിച്ചു നൽകിയെന്ന് സർക്കാർ പറയുമ്പോൾ അത് പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ സംഖ്യയിൽ നിന്നാണ് അനുവദിച്ചത് എന്ന് കാണാൻ കഴിയും. 2010-ൽ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകുമ്പോൾ 11 പഞ്ചായത്തുകൾ മാത്രമായിരുന്നു അതിന്റെ പരിധിയിൽപ്പെട്ടിരുന്നത്. സമാനമായ മറ്റ് പ്രദേശങ്ങളിൽ സർവ്വേ നടത്താൻ നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ കാസർഗോഡ് ജില്ല

യിലെ 27 പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും എൻഡോസൽഫാൻ ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. എന്നിട്ടും സർക്കാർ സർവ്വേ നടത്താൻ തയ്യാറായിട്ടില്ല. 2011 ആഗസ്റ്റിലും സെപ്റ്റംബറിലും ഡിസംബറിലും നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ കണ്ടെത്തിയ രോഗികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനോ ചികിത്സിക്കാനോ ഇതുവരെ തയ്യാറായിട്ടില്ല. അതിനുവേണ്ടിയുള്ള പ്രക്ഷോഭം ഇവിടെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, ഇതിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായി ക്ഷണിച്ചുകൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 16-ാം തീയതി വളരെ വിപുലമായ രീതിയിൽ അവിടെ പ്രക്ഷോഭം നടത്തുകയുണ്ടായി. അടിയന്തരമായി സർക്കാർ തീരുമാനിക്കേണ്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ പൂർണ്ണമായും അടിയന്തരമായും നടപ്പാക്കുക. രണ്ട്, നഷ്ടപരിഹാരത്തിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമായി ട്രൈബ്യൂണൽ സ്ഥാപിക്കുക. മൂന്ന്, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ 5 വർഷം കൊണ്ട് നിറുത്തിവയ്ക്കാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കുക. അർഹരായ മുഴുവൻ രോഗികളേയും ലിസ്റ്റിൽപ്പെടുത്തി ചികിത്സാ സഹായം നൽകുക, ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ജില്ലയിൽത്തന്നെ ഏർപ്പെടുത്തുക, ദുരിതബാധിതരുടെ കടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, ശാസ്ത്രീയ പുനരധിവാസ പദ്ധതി

കൾ നടപ്പാക്കുക, ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന എൻഡോസൾഫാൻ നീക്കം ചെയ്യുക, നിർവ്വീര്യമാക്കുക തുടങ്ങിയ പ്രശ്നങ്ങളെ സർക്കാർ ഉത്തര വാദിത്വബോധത്തോടെ സമീപിക്കണമെന്നും നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, 5 വർഷം കഴിഞ്ഞാൽ ഇവർക്ക് യാതൊരു വിധത്തിലുള്ള ആനുകൂല്യങ്ങളും ലഭ്യമല്ലെന്നും 5 വർഷക്കാലത്തേക്ക് മാത്രമാണിതെന്നും നിർദ്ദേശിക്കുന്ന ഒരു ഉത്തരവ് ശ്രീ. രാജീവ് സദാനന്ദൻ എന്നു പറയുന്ന പ്രിൻസിപ്പൽ സെക്രട്ടറി 12.1.2012-ൽ പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ നടപടി ആ പ്രദേശത്തെ പതി നായിരക്കണക്കായ മനുഷ്യ ജീവികളോട്, ദയനീയമായ, വൈരൂപ്യം നിറഞ്ഞ, എല്ലാ വിധ സങ്കടങ്ങളും പേറുന്ന എൻഡോസൾഫാൻ ഇരകളോട് കാണിക്കുന്ന അനീതിയായിരിക്കുമെന്നും അത്തരം ഒരു നിലപാട് ഗവൺമെൻറ് പുനഃപരിശോധിക്കണമെന്നും അതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണു ന്നത്. കാസർഗോഡ് നടക്കുന്ന നിരഹാര സമരത്തെക്കുറിച്ച് ഇന്നലെ പ്രതി പക്ഷ നേതാവ് ഇവിടെ ഉന്നയിച്ചു. ഏറ്റവും വേഗത്തിൽ ഒരു കോൺഫ റൻസ് വിളിച്ചുകൂട്ടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് വ്യാഴാഴ്ച വൈകുന്നേരം നിയമസഭ കഴിഞ്ഞാലുടനെതന്നെ യോഗം വിളിച്ചിട്ടുണ്ട്. 25-ാം തീയതിയാണ് നമ്മുടെ വിപുലമായ യോഗം വിളിച്ചിരിക്കുന്നത്. 22-ാം

തീയതിവരെ പാർലമെന്റ് സമ്മേളനമുള്ളതുകൊണ്ട് എം.പി.ക്ക് പങ്കെടുക്കാനുള്ള ബുദ്ധിമുട്ടുകൂടി കണക്കിലെടുത്താണ് 25-ാം തീയതി യോഗം വച്ചത്. 25-ാം തീയതിയിലെ മീറ്റിംഗിൽ ആ ജില്ലയിൽ നിന്നുള്ള എല്ലാ എം.എൽ.എ. മാരേയും എം.പി.യേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും വിളിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി അവിടെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിലെ എല്ലാ മെമ്പർമാരേയും 25-ാം തീയതിയിലെ യോഗത്തിൽ വിളിച്ചിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ഇന്നലെ ആവശ്യപ്പെട്ടതനുസരിച്ച് ഈ പ്രശ്നം ഏറ്റവും വേഗത്തിൽ തീർക്കണമെന്നുള്ളതുകൊണ്ട് വ്യാഴാഴ്ച ഒരു യോഗം വച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലേയ്ക്ക് ആ ജില്ലയിലെ 5 എം.എൽ.എ. മാരേയും ജില്ലാ കളക്ടറേയും സമരം ചെയ്യുന്ന സമരസമിതിയുടെ മൂന്ന് പ്രതിനിധികളെയും വിളിച്ചിട്ടുണ്ട്. എം.പി.ക്ക് പങ്കെടുക്കാൻ സാധിക്കില്ലായിരിക്കും. എന്നാലും അദ്ദേഹത്തിനും കത്തയയ്ക്കുന്നുണ്ട്. ഏതായിരുന്നാലും അന്ന് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാം. എനിക്ക് ആദ്യമായി റിക്വസ്റ്റ് ചെയ്യാനുള്ളത്, ഗവൺമെന്റ് ഈ സമരത്തെ മാത്രം ലക്ഷ്യമാക്കിക്കൊണ്ട് ഒരു പ്രത്യേക യോഗം വിളിക്കാനും ഇതു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യുന്നതിന് 25-ാം തീയതി യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ. മോഹൻകുമാർ അദ്ദേഹത്തിന്റെ നിരാഹാരസമരം അവസാനിപ്പിക്കണമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ ഇ. ചന്ദ്രശേഖരൻ അദ്ദേഹത്തെ ഇക്കാര്യം അറിയിച്ച് അങ്ങനെ ഒരു തീരുമാനമെടുക്കണം. ഈ സമരത്തിന്

ആധാരമായ കാര്യങ്ങൾ ഈ വരുന്ന വ്യാഴാഴ്ചതന്നെ ചർച്ച ചെയ്യുന്നതാണ്. 5 വർഷം കഴിഞ്ഞാൽ ഇവിടെ ഒരു ആനുകൂല്യവും കൊടുക്കില്ല എന്ന് ഉത്തര വിറക്കിയതായി അങ്ങ് പറഞ്ഞു. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ കൾ അംഗീകരിച്ചുകൊണ്ട് എടുത്ത ഒരു ഉത്തരവാണിത്. മനുഷ്യാവകാശ കമ്മീഷൻ വിപുലമായ സഹായങ്ങൾ ഇവർക്ക് കൊടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയും, പൂർണ്ണ മായും ശരീരശേഷി നഷ്ടപ്പെട്ടവർക്ക് 5 ലക്ഷം രൂപയും, മറ്റ് ഗുരുതരമായ അസുഖം ബാധിച്ചിട്ടുള്ളവർക്ക് 3 ലക്ഷം രൂപയും കൊടുക്കാനുള്ള വിപുല മായ ഒരു സഹായ പദ്ധതിയാണ് ആവിഷ്ക്കരിച്ചത്. അത് പല തവണകളായി 5 വർഷം കൊണ്ട് കൊടുക്കാനാണ് പറഞ്ഞിരുന്നത്. അങ്ങനെ 5 വർഷം കൊണ്ട് കൊടുത്തുതീർക്കുന്ന അവസരത്തിൽ തുടർന്ന് സഹായം നൽകില്ല എന്നുള്ളതും ആ ഉത്തരവിനകത്തു പറഞ്ഞിട്ടുണ്ട്. അത് പിൻവലിക്കുന്ന തുൾപ്പെടെയുള്ള കാര്യങ്ങൾ 25-ാം തീയതി ചർച്ച ചെയ്യും. എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾക്കും എം.എൽ.എ.മാർക്കുമെല്ലാം അതേ അഭിപ്രാ യമാണുള്ളതെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ഗവൺമെന്റിന് ഈ കാര്യത്തിൽ ഒരു തുറന്ന മനസ്സാണുള്ളത്. മുഖ്യമായും മൂന്ന് ആവശ്യങ്ങ ളാണ് ഉന്നയിച്ചിട്ടുള്ളത് - 5 വർഷമെന്നുള്ളത് പിൻവലിക്കണം, ക്യാൻസർ രോഗികൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കണം, 11 പഞ്ചായത്ത് എന്നു ള്ളത് കുറേക്കൂടി വിപുലീകരിക്കണം. ഇതാണ് മുഖ്യമായിട്ടുള്ള ആവശ്യ ങ്ങൾ. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ 25-ാം തീയതി ചർച്ച ചെയ്യുക മാത്രമല്ല,

അന്ന് ഒരു തീരുമാനമെടുക്കുകയും ചെയ്യും എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിൽ, ഒന്നും ചെയ്തില്ല എന്നൊരു ധ്വനി വരുന്നുണ്ട്. അത് ശരിയല്ല. ഞങ്ങൾ ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ അതേപടി അംഗീകരിച്ചു. അങ്ങനെ 1613 പേർക്ക് സഹായം കൊടുക്കാൻ തീരുമാനിച്ചു. അതിൽ 1602 പേർക്കും സഹായം കൊടുത്തുകഴിഞ്ഞു. ഇനി അതിൽ 11 പേർക്കുമാത്രമേ സഹായം കൊടുക്കാനുള്ളൂ. പൂർണ്ണമായും കിടപ്പിലായ 180 പേർക്ക് ഒന്നര ലക്ഷം രൂപ വീതവും ബുദ്ധിമാന്ദ്യം സംഭവിച്ച 793 പേർക്ക് ഒന്നര ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യമുള്ള 629 പേർക്ക് ഒരു ലക്ഷം രൂപ വീതവും മരണപ്പെട്ട 400 പേരുടെ അനന്തരാവകാശികൾക്ക് ഒന്നര ലക്ഷം രൂപ വീതവും കൊടുത്തിട്ടുണ്ട്. ഇതെല്ലാം മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ അനുസരിച്ച് ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അർഹരായിട്ടുള്ളവരുടെ ഒരു ലിസ്റ്റ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉണ്ടാക്കി. ആ ലിസ്റ്റിൽ 4152 പേരുണ്ട്. അതിൽനിന്നാണ് 1613 പേരെ സെലക്ട് ചെയ്തത്. ബാക്കിയുള്ളവരുടെ സെലക്ഷനുവേണ്ടിയുള്ള നടപടികൾ വളരെ വേഗത്തിൽ നടക്കുകയാണ്. അതുപോലെതന്നെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ വേണ്ടി എല്ലാ നടപടികളും എടുത്തിട്ടുണ്ട്. 3 മെഡിക്കൽ കോളേജുകളിലടക്കം 12 ആശുപത്രികളിൽ സൗജന്യ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. 11 ഗ്രാമ പഞ്ചായത്തുകളിലെ ആശുപത്രികളിലും കിടപ്പിലായ

രോഗികളുടെ വീടുകൾ സന്ദർശിച്ച് ചികിത്സ നടത്തുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇവരെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ടി 11 പഞ്ചായത്തുകളിലും പ്രത്യേക വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 11 പഞ്ചായത്തുകളിലും പ്രത്യേകം സൂപ്പർ വൈസർ, സ്റ്റാഫ് നേഴ്സ്, ജെ.എച്ച്.ഐ. എന്നിവരെ നിയമിച്ചു കഴിഞ്ഞു. ഈ ദുരിതബാധിത പ്രദേശങ്ങളിൽ 7 സ്പെഷ്യൽ സ്കൂളുണ്ട്. ആ സ്കൂളുകൾക്കെല്ലാം വാഹന സൗകര്യം ഏർപ്പെടുത്തി. അതുപോലെ 11 ദുരിതബാധിത പഞ്ചായത്തുകളിലും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിലെ ജനറൽ ഹോസ്പിറ്റലിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഫിസിയോതെറാപ്പി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നുണ്ട്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ അവിടെ സംഘടിപ്പിക്കുന്നുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. ഈ ദുരിതബാധിത കുടുംബങ്ങൾക്കെല്ലാം സൗജന്യ റേഷൻ നൽകിക്കൊണ്ടിരിക്കുകയാണ്.

ഈ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെല്ലും, സെല്ലിൽ ഒരു

ഡെപ്യൂട്ടി കളക്ടറുടെ സേവനവും പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറേയും നോഡൽ ഓഫീസറേയും നിയമിച്ചു. ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നബാർഡ് ആർ.ഐ.ഡി.എഫ്. (Rural Infrastructure Development Fund) സഹായത്തോടെ 122 കോടി രൂപയുടെ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാരണം അവർക്ക് ഇത് ചെയ്തുകൊടുക്കാനുള്ള ബാധ്യത നമുക്കുണ്ട്. എൻഡോസൾഫാന്റെ ഉപയോഗംവഴി ഇതുപോലൊരു ദുരിതമുണ്ടായിട്ട് അവരെ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുകയില്ല. ഇത്രയും കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ വേണമെന്നുള്ള ആവശ്യം ഉയരുന്നുണ്ട്. അതിനും ഗവൺമെന്റ് എല്ലാ വിധത്തിലുള്ള സഹായങ്ങളും ചെയ്യും. 25-ാം തീയതി കൂടുന്ന ഹൈ ലെവൽ മീറ്റിംഗിൽവച്ച് ഇതുസംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്ന താണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും ഒരു സഹായവും ലഭിച്ചില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പ്ലാന്റേഷൻ കോർപ്പറേ ഷനിൽനിന്നും ഈ ആവശ്യത്തിലേക്കായി ഒരു ചെറിയ വിഹിതം തന്നിട്ടുണ്ട്, ഇനിയും തരാനുണ്ട്. അത് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും വാങ്ങുന്ന തായിരിക്കും. കാരണം അവരുടെ ബാധ്യത അവർ നിറവേറ്റിയേ മതിയാകൂ. സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും അതെല്ലാം മാറ്റിവച്ചുകൊണ്ടാണ്

സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ പ്രവർത്തിക്കുന്നത്. ഇനിയും ആ സമീപനം തന്നെ സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നു. എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത് അദ്ദേഹത്തെ എങ്ങനെയും പ്രേരിപ്പിച്ച് നിരാഹാര സമരം അവസാനിപ്പിക്കാൻവേണ്ടി ശ്രമിക്കണം എന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: അദ്ദേഹത്തിന്റെ ആരോഗ്യനില വളരെ മോശമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അദ്ദേഹത്തിന്റെ ആരോഗ്യനില വളരെ മോശമാണെന്നാണ് ശ്രീ. റ്റി. എൻ. പ്രതാപനും ശ്രീ. എൻ. എ. നെല്ലിക്കുന്നും പറയുന്നത്. അതിനാൽ നിരാഹാരസമരം പിൻവലിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത് ഈ വ്യാഴാഴ്ചയും ഈ മാസം 25-ാം തീയതി നടക്കുന്ന ചർച്ചകളിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാം. രാഷ്ട്രീയം നോക്കാതെ നമ്മളെല്ലാവരുംകൂടി സഹകരിച്ചതുകൊണ്ടാണ് ഇത്രയേറെ കാര്യങ്ങൾ അവിടെ ചെയ്യാൻ സാധിച്ചത്. ആ ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ.മാർക്കെല്ലാം ഇക്കാര്യം അറിയാവുന്നതാണ്. ഈ വിഷയത്തിൽ രാഷ്ട്രീയം നോക്കിയിട്ടില്ല. ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഇവർക്ക് ഇത് ചെയ്തുകൊടുക്കേണ്ടതാണ് എന്ന വ്യക്തമായ ബോധമാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ആ സമരം പിൻവലിപ്പിക്കുന്നതിന് എല്ലാവിധത്തിലുള്ള ശ്രമങ്ങളും നടത്തണമെന്നുപറഞ്ഞുകൊണ്ട് ഞാൻ അവ സാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച സഹായം 4182 പേർക്കും എപ്പോൾ കൊടുത്തുതീർക്കുമെന്നും 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകളിലെ രോഗ ബാധിതരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി അവർക്കുകൂടി സഹായം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ എന്നും അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുപോലെ ഇത് വളരെ കാലതാമസം വരുന്ന ഒരു പ്രോസസ്സാണ്. ഇതിന് പല ഘട്ടങ്ങളുണ്ട്. ഡോക്ടർമാരുടെ പരിശോധന വേണം, അവിടത്തെ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പരിശോധന വേണം, അങ്ങനെയുള്ള പല കടമ്പകളുണ്ട്. 4182 പേരിൽ അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായിത്തന്നെ സഹായം നൽകും. അത് നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ നിരാഹാരസമരം പിൻവലിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തീർച്ചയായും ആവശ്യപ്പെടും.

(സബ്മിഷൻ)